**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6531** **11-11-2021 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖലയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം മേഖലയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ ഒരു പ്ലാന്റേഷൻ നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്ലാന്റേഷൻ പോളിസിയുടെ പ്രധാന ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും ചുവടെ ചേർക്കുന്നു. 1) തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും. 2) തോട്ടം മേഖല ലാഭകരമാക്കാനും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും. 3) സംസ്ഥാനത്ത് അടഞ്ഞു കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും. 4) ചികിത്സാ സൗകര്യങ്ങൾ :- തോട്ടം മേഖലയിൽ ഇ.എസ്.ഐ.സ്കീം നടപ്പിലാക്കും. 5) തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്. 6) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. 7) സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കും. 8) തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ നൽകും. 9) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും. 10) തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും. 11) തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും. 12) തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകും. |

| | | | |
|---|---|---|---|
| | | | 13) തോട്ടങ്ങളിൽ ചെറുകിട മഴവെള്ള സംഭരണികൾ ഉപയോഗിച്ച് ജലസംരക്ഷണം ഉറപ്പാക്കും. 14) തോട്ടങ്ങളിൽ കൃഷിക്കോ അനുബന്ധ പ്രവർത്തനങ്ങൾക്കോ അനുയോജ്യമല്ലാത്ത ഭാഗങ്ങളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി ആവിഷ്കരിക്കും. 15) തോട്ടങ്ങളിൽ സൗരോർജ്ജം, കാറ്റ്, ബയോഗ്യാസ് എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തും. 16) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുമായുള്ള ആശയ വിനിമയത്തിനും ഏകോപനത്തിനുമായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കും. 17)കോ-ഓർഡിനേഷൻ സമിതിയുടെ രൂപീകരണം. 18)പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനികവൽക്കരിക്കും. 19)തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും. 20) പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്ക് കൂടി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. 21)കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും പരിശോധിക്കും. 22) തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 60വയസായി ഉയർത്തും. 23) എല്ലാ തോട്ട വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കും. 24) തോട്ടങ്ങളിൽ വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിന് വനം വന്യജീവി വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കും. |
| (ബി) | പുതിയ തോട്ടം നയം രൂപീകരിച്ചിട്ടുണ്ടോ; പ്ലാന്റേഷനുകളിൽ അനുവദനീയമായ കൃഷികൾക്കു പുറമെ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് മറ്റു വിളകൾ കൂടി കൃഷി ചെയ്യുന്നതിന് തോട്ടം നയങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖല ലാഭകരമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തോട്ടങ്ങളിൽ മിശ്രവിളകൃഷി (Mixedcrop), ഇടവിള കൃഷി (Intercrop), ടൂറിസം തുടങ്ങിയവ തോട്ടങ്ങളിലെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ അനുവദിക്കാമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, കോഴിവളർത്തൽ, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ഈസ് ഓഫ് ഡൂയിംഗ് അഗ്രികൾച്ചർ' നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |
| (സി) | 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" മാതൃകയിൽ | (സി) | തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി |

| | | | |
|---|---|---|---|
| | കാർഷിക മേഖലയുടെ മുന്നേറ്റത്തിനായി 'ഈസ് ഓഫ് ഡൂയിംഗ് അഗ്രികൾച്ചർ' നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ? | | അംഗീകരിച്ച് ഉത്തരവായ പ്ലാന്റേഷൻ നയത്തിൽ, തോട്ടം മേഖല ലാഭകരമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും തോട്ടങ്ങളിൽ മിശ്രവിളകൃഷി (Mixedcrop), ഇടവിള കൃഷി (Intercrop), ടൂറിസം തുടങ്ങിയവ തോട്ടങ്ങളിലെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ അനുവദിക്കാമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, ഹോർട്ടികൾച്ചർ, ഫ്ലോറികൾച്ചർ, ഔഷധകൃഷി, ക്ഷീരകൃഷി, തേനീച്ചകൃഷി, കോഴിവളർത്തൽ, മുട്ടകൃഷി, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും പ്ലാന്റേഷൻ പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ഈസ് ഓഫ് ഡൂയിംഗ് അഗ്രികൾച്ചർ' നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ